Lalith Babu

**ഒരു വ്യക്തിക്കെതിരെ ഏതെങ്കിലും അധികാര കേന്ദ്രത്തിൽ നൽകുന്ന പരാതിയുടെ ഉള്ളടക്കം അറിയുവാൻ ആ വ്യക്തിക്ക് അവകാശമുണ്ട് . എന്നാൽ ഇപ്രകാരം പരാതി വെളിപ്പെടുത്തിയാൽ അത് വകുപ്പ് 8 ലെ വ്യവസ്ഥകളുടെ ലംഘനമാകാൻ പാടില്ല**

ഒരു വ്യക്തിക്കെതിരെ ഏതെങ്കിലും അധികാര കേന്ദ്രത്തിൽ നൽകുന്ന പരാതിയുടെ ഉള്ളടക്കം ആ വ്യക്തിക്ക് അറിയുവാൻ അവകാശമുണ്ടെന്ന് കമ്മിഷൻ നിരീക്ഷിച്ചു. അപ്പീൽ ഹർജിക്കാരനെതിരെ നൽകിയ പരാതിയുടെ പകർപ്പ് അപ്പീൽ ഹർജിക്കാരന് നൽകിയാൽ സാമുദായിക സംഘർഷം ഉണ്ടാകുമെന്നുള്ള ഒന്നാം എതൃകക്ഷിയുടെ നിലപാടിന്റെ അടിസ്ഥാനം സാധൂകരിക്കാൻ ഒന്നാം എതൃകക്ഷിക്ക് സാധിച്ചിട്ടില്ലെന്ന് കമ്മിഷൻ നിരീക്ഷിച്ചു.

4. മേൽ പറഞ്ഞ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട പ്രകാരം, അപ്പീൽ ഹർജിക്കാരനെതിരായി സമർപ്പിച്ചിട്ടുള്ള പരാതിയുടെ മുഴുവൻ പേജുകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഈ ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റി 10 ദിവസത്തിനുള്ളിൽ അപ്പീൽ ഹർജിക്കാരന് നൽകണമെന്ന് എതൃകക്ഷിക്ക് നിർദ്ദേശം നൽകികൊണ്ട് കമ്മിഷൻ ഇതിനാൽ ഉത്തരവാകുന്നു.

അപ്പീൽ ഇപ്രകാരം തീർപ്പാക്കി ഇന്നേ ദിവസം 2008 നവംബർ മാസം 19-ാം തീയതി കമ്മിഷൻ ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.